പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4578 17.12.2014 ലെ മറുപടിയ്ക്ക്

ടി.ആർ.കെ.എൽ.ഉം ടാറ്റാ ഗ്രൂപ്പും സംയുക്ത സംരംഭത്തിലാരംഭിച്ച ഹോട്ടലുകളുടെ പ്രവർത്തനം

| ചോദ്യം<br>**ശ്രീ.എളമരം കരീം**<br>**ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.ജി.സുധാകരൻ** | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കെ.ടി.ഡി.സി.യുടെ ഉപകമ്പനിയായിരുന്ന ടി.ആർ.കെ.എൽ. ഉം ടാറ്റാ ഗ്രൂപ്പും സംയുക്ത സംരംഭത്തിലാരംഭിച്ച സംസ്ഥാനത്തെ ഹോട്ടലുകൾ ഏതൊക്കെയാണ്; എന്തെല്ലാം വ്യവസ്ഥകളോടുകൂടിയാണ് അവ സ്ഥാപിക്കപ്പെട്ടത്; അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ ; | എ) | കൊച്ചിയിൽ പ്രവർത്തിച്ചുവരുന്ന 'ദി ഗെയ്റ്റ് വേ ഹോട്ടൽ', കുമരകത്തുള്ള 'വിവാന്റ ബൈ താജ്", വർക്കലയിലെ 'ദി ഗെയ്റ്റ് വേ ഹോട്ടൽ' എന്നിവയാണ് സംയുക്ത സംരംഭത്തിൽ ആരംഭിച്ച ഹോട്ടലുകൾ. ഹോട്ടലുകൾ സ്ഥാപിക്കുന്നതിനായി ഇന്ത്യൻ ഹോട്ടൽ കമ്പനിയും (IHCL) ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് (TRKL)ഉം (പുനർനാമകരണത്തിനു ശേഷം കേരള ടൂറിസ്റ്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL)) സംയുക്തമായി താജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ് (TKHRL) എന്ന പേരിൽ ഒരു സംയുക്ത സംരംഭം ആരംഭിക്കുക, പബ്ലിക് ഇഷ്യൂ നടത്തുന്നത് വരെ TRKL ന്റെ ഉടമസ്ഥതയിലുള്ള ഓഹരികളുടെ എണ്ണത്തിന്റെ ഇരട്ടി എണ്ണം ഓഹരികൾ IHCLന്റെ ഉടമസ്ഥതയിൽ എന്ന അനുപാതം നിലനിർത്തുക, ലഭ്യമാക്കുന്ന ഭൂമിയുടെ വിലനിർണ്ണയം ജില്ലാ കളക്ടറും കെട്ടിടത്തിന്റെ വിലനിർണ്ണയം ഒരു അംഗീകൃത വാല്യൂവർ വഴിയും നടത്തുക, ലഭ്യമാക്കുന്ന ആസ്തികളുടെ മൂല്യത്തിന്റെ 8% വാർഷിക ലീസ് ആയി നൽകുക, 10 വർഷം കൂടുമ്പോൾ ലീസ് തുകയിൽ പരമാവധി 40% വരെ വർദ്ധിപ്പിക്കുക മുതലായവയാണ് ഈ സംരംഭങ്ങൾ സ്ഥാപിക്കപ്പെടുമ്പോൾ ഉള്ള പ്രധാന വ്യവസ്ഥകൾ. പ്രസ്തുത വ്യവസ്ഥകൾ പാലിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | ടാറ്റാ ഗ്രൂപ്പ് വ്യവസ്ഥകൾ ലംഘിച്ചെന്നും അതിനാൽ പാട്ടകരാർ റദ്ദ് ചെയ്ത് ഹോട്ടലുകൾ കെ.ടി.ഡി.സി ഏറ്റെടുത്ത് നേരിട്ട് നടത്തണമെന്നുള്ള ജിവനക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് അറിയിക്കാമോ ; | ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| സി) | സർക്കാരിന്റെ എത്ര ഏക്കർ വീതം ഭൂമിയിലാണ് ഓരോ സംരംഭങ്ങളും ആരംഭിച്ചിരുന്നത്; ഭൂമി എത്ര വർഷത്തേയ്ക്കാണ് സംയുക്ത സംരംഭത്തിനായി നൽകിയിരുന്നത്; ലാഭവിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ; | സി) | എറണാകുളം (0.938 ഏക്കർ), കുമരകം (13.64 ഏക്കർ), വർക്കല (1.56 ഏക്കർ) ഭൂമികളിലായാണ് പ്രസ്തുത ഹോട്ടൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്. 30 വർഷത്തേയ്ക്കായാണ് ഭൂമി സംയുക്ത സംരംഭത്തിനായി ലഭ്യമാക്കിയിരിക്കുന്നത്. ലാഭവിഹിതം കൃത്യമായി ലഭിച്ചുവരുന്നുണ്ട്. |
| ഡി) | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഡയറക്ടർ ബോർഡിലുള്ളവർ ആരൊക്കെയാണ്; സംസ്ഥാനത്തിന്റെ താല്പര്യം ബോർഡിൽ സ്ഥാപിച്ചെടുക്കുന്നതിൽ പരാജയപ്പെടുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ? | ഡി) | സർക്കാരിനെ പ്രതിനിധീകരിച്ച് ധനകാര്യ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പ് (എക്സ്പെൻഡിച്ചർ) സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിൻഹ, ടൂറിസം വകുപ്പ് മുൻ ഡയറക്ടർ ശ്രീ. ഹരികിഷോർ എസ്, കെ.റ്റി.ഐ.എൽ മാനേജിംഗ് ഡയറക്ടർ ശ്രീ. അനിൽ കുമാർ എസ്. എന്നിവരാണ് ഇപ്പോൾ ബോർഡിൽ ഉള്ളത്. ഇങ്ങനെയൊരു ആക്ഷേപം ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ